നമ്പർ.400770/GGGR11/GPO/2025/725/(1)

വാണിയംകുളം ഗ്രാമ പഞ്ചായത്ത് ആഫീസ്

വാണിയംകുളം I

വാണിയംകുളം.പി.ഓ

പാലക്കാട്

Phone No:04662227127

E-mail:ddpvaniyankulampkd@gmail.com

തീയതി : 28/01/2025

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ബഹുമാനപ്പെട്ട ഇൻറ്റേണൽ വിജിലൻസ് ഓഫീസർ
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്

സർ,

വിഷയം:- വാണിയംകുളം ഗ്രാമപഞ്ചായത്ത് - ഉപജില്ല സ്ഥിരം അദാലത്ത് സമിതി - പരാതി റിപ്പോർട്ട് - സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:-
1. 04.01.2025 തീയതിയിലെ അങ്ങയുടെ LSGD/JD/PKD/6384/2023-I2 നമ്പർ കത്ത്.
2. ശ്രീ. പി. സുനിൽ കുമാർ നായർ എന്നിവരുടെ പരാതി .
3. ശ്രീ. പി സുനിൽ കുമാർ നായർ എന്നവരുടെ 400770/BABC06/GPO/2024/6021 നമ്പർ അപേക്ഷ .

വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

വാണിയംകുളം ഗ്രാമപഞ്ചായത്ത് വാർഡ് 5 പരിധിയിൽ ഉൾപ്പെടുന്നതും വാണിയംകുളം 2 വില്ലേജിലെ 128/55-9 സർവ്വെ നമ്പർ ഭൂമിയിൽ നിലവിലുണ്ടായിരുന്ന 5/831 നമ്പർ കെട്ടിടത്തിൽ വരുത്തിയിട്ടുള്ള കൂട്ടിച്ചേർക്കലുകൾ ക്രമവത്കരിക്കുന്നതിനും കെട്ടിടത്തിന്റെ ഉപയോഗം ക്രമം 'വ്യാവസായിക ആവശ്യത്തിന്' എന്നതിൽ നിന്നും 'വാസഗൃഹം' എന്നതിലേക്ക് മാറ്റുന്നതിനുമായി ശ്രീ. പി സുനിൽ കുമാർ നായർ, ആശീർവാദ്, മനിശ്ശീരി എന്നവർ സൂചന (2) പ്രകാരം ഒരു അപേക്ഷ ഈ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടായിരുന്നു.

അപേക്ഷയിൽ പരിശോധന നടത്തവെ പ്രസ്തുത കെട്ടിടത്തിൽ നിന്നും മതിയായ അകലത്തിലല്ലാതെ സമീപത്ത് സ്ഥിതി ചെയ്യുന്ന കെട്ടിട ഉടമയിൽ നിന്നും നിരാക്ഷേപ പത്രം വാങ്ങി സമർപ്പിക്കണം എന്ന് ഈ ഓഫീസിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ളതും എന്നാൽ ടി കെട്ടിട ഉടമ ആയതിന്

തയ്യാറാവതിരുന്നതും ആണ് പരാതിക്ക് കാരണമായിട്ടുള്ളത്.

മേൽ പരാതി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പങ്കെടുത്ത കരുതലും കൈത്താങ്ങും താലൂക്ക് തല അദാലത്തിൽ ലഭിച്ചിരുന്നതും ആയതിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാതി പുനപ്പരിശോധിച്ച് തീർപ്പാക്കിയിരുന്നതുമാണ്. നിരാക്ഷേപ പത്രം നൽകാൻ വിസമ്മതിച്ച സമീപ കെട്ടിട ഉടമയിൽ നിന്ന് തന്നെയാണ് പരാതിക്കാരൻ പ്രസ്തുത ഭൂമിയും പഴയ കെട്ടിടവും വാങ്ങി ആയതിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുള്ളത് എന്ന വസ്തുത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിരാക്ഷേപ പത്രം ലഭ്യമാക്കണമെന്ന നിബന്ധന ഒഴിവാക്കി പ്രസ്തുത കെട്ടിടം 18.25 ച. മീറ്റർ ആകെ തറ വിസ്തീർണ്ണത്തിൽ വാസഗൃഹമായി കെട്ടിടം ക്രമവത്കരിച്ച് നൽകിയിട്ടുള്ളതാണ് എന്നുള്ള വിവരം അങ്ങയുടെ അറിവിലേക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by Vinod A K
Date: 2025.01.28 14:06:28 IST
Reason: ILGMS Govt. of Kerala

വിനോദ് എ കെ

സെക്രട്ടറി